പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2233 10.10.2011- ലെ മറുപടി

<u>വിരമിക്കൽ ആനുകൂല്യങ്ങൾ സംബന്ധിച്ച്</u>

ചോദ്യം ഉത്തരം

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഒന്നാം ഗ്രേഡ് ഇൻസ്പെക്ടർ ആയിരിക്കെ 31.03.2011-ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. തോമസ് എം. മാമന്റെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നാളിതുവരെ നൽകാത്തത് എന്തുകൊണ്ട് എന്ന് വിശദമാക്കുമോ ; | (എ) | 31.03.2010-ൽ ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിലിരിക്കെ സർവ്വീസിൽനിന്നും വിരമിച്ച തോമസ് എം.മാമന്റെ വിരമിക്കൽ ആനുകൂല്യങ്ങൾ 30.09.2011-ലെ ഉത്തരവ് നം. PA20/13673/2010 പ്രകാരം അനുവദിച്ചുകഴിഞ്ഞു. |
| (ബി) | പ്രസ്തുത ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി വന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ ; | (ബി) | തോമസ് എം.മാമന്റെ സേവനപുസ്തകത്തിൽ ഉണ്ടായിരുന്ന അപാകതകൾ പരിഹരിച്ച് ലഭ്യമാകുന്നതിനുള്ള കാലതാമസം കാരണമാണ് വിരമിക്കൽ ആനുകൂല്യങ്ങൾ വിതരണം നടത്താൻ വൈകിയത്. |
| (സി) | പ്രസ്തുത പെൻഷണർക്ക് ലഭിക്കേണ്ട സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) | ടിയാന്റെ സേവനപുസ്തകത്തിലെ അപാകതകൾ പൂർണ്ണമായും പരിഹരിച്ച് പെൻഷൻ ആന്റ് ഓഡിറ്റ് വിഭാഗത്തിൽ ലഭ്യമായത് 07.09.2011-ൽ ആണ്. ഇക്കാരണത്താൽ വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതിന് മനഃപൂർവ്വമായി വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ